പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5475 28/07/2015- ൽ മറുപടിക്ക്

**നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ**

ചോദ്യം
ശ്രീ. എ.കെ.ബാലൻ

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ കഴിഞ്ഞ 5 വർഷത്തെ നെല്ലുല്പാദനം എത്രയാണ്; വർഷം, ജില്ല, കൃഷി ചെയ്യുന്ന വിസ്തീർണ്ണം എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ; | എ) | അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട് |
| ബി) | ഈ സർക്കാർ കാലയളവിൽ നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) | ഈ സർക്കാർ കാലയളവിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരുന്നത്.<br>• സംസ്ഥാന ഭക്ഷ്യ സുരക്ഷാപദ്ധതി<br>• മാക്രോമാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി<br>• രാഷ്ട്രീയകൃഷി വികാസ് യോജന പദ്ധതി<br>• രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി<br>• നെല്ല് സംഭരണം<br>• ചെറുകിട യന്ത്രവൽക്കരണത്തിനുള്ള പദ്ധതി<br>• നെൽകൃഷിക്കുള്ള ഉൽപ്പാദനബോണസ്<br>• കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി<br>• കരനെൽകൃഷി<br>• വനിതാ ഗ്രൂപ്പ് കൾക്കുള്ള തരിശുനില കൃഷി<br>• പൊതു ഞാറ്റടി വടക്കാഞ്ചേരി മോഡൽ<br>• സുഗന്ധ നെല്ലിന വികസന പദ്ധതി<br>• കാർഷിക യന്ത്ര വൽക്കരണം<br>• സുസ്ഥിര നെൽകൃഷി വികസന പദ്ധതി<br>• തരിശു നിലകൃഷി, നെൽകൃഷിക്ക് ശേഷമുള്ള മറ്റു കൃഷികളിലൂടെ |

| | | | |
|---|---|---|---|
| | | | വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.<br>• മാക്രോമാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി ഡെമോൺസ്ട്രേഷൻ<br>• ഉല്പാദന ഉപാധികളായ വിത്ത് , കുമ്മായം, മൈക്രോ ന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണം<br>• നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മിനികിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ<br>• കർഷകർക്ക് പൂരക വരുമാന സ്രോതസുകൾ പ്രോത്സാഹിപ്പിക്കുവാൻ സഹായം നല്കുന്ന പദ്ധതി<br>• നെൽകൃഷി അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽകൃഷി വികസന ഏജൻസികൾക്ക് ഉള്ള ധനസഹായം<br>• ആർ.കെ.വി.വൈ പൊക്കാളി നെൽകൃഷി വികസനം<br>• പ്രത്യേക നെല്ലിനങ്ങൾക്കുള്ള കൃഷി വികസനം<br>• പാടശേഖരസമിതികൾക്കുള്ള പ്രവർത്തനസഹായവും അടിസ്ഥാന സൗകര്യ വികസനവും. |
| സി) | ഇതുമൂലം ഉൽപ്പാദനത്തിലും കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) | ഉണ്ടായിട്ടുണ്ട്. നെൽകൃഷിയുടെ വിസ്തീർണ്ണം 2012-2013 ൽ 197277 ഹെക്ടർ ആയിരുന്നത് 2013-2014 ൽ 199611 ആയി വർദ്ധിക്കുകയുണ്ടായി. 2014-2015 ൽ ഇത് 204000 ഹെക്ടറാണ് എന്നതാണ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ എസ്റ്റിമേറ്റഡ് റിപ്പോർട്ട്<br>നെൽകൃഷിയുടെ ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>2012-2013-ൽ ഉൽപ്പാദനം 508299 മെ.ടൺ ആയിരുന്നത് 2013-2014 വർഷം 564325 മെ.ടൺ ആയി വർദ്ധിക്കുകയുണ്ടായി. മുൻ |

| | | | |
|---|---|---|---|
| | | | വർഷത്തേക്കാൾ 56026 മെ.ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| ഡി) | നെല്ലുൽപാദനം വർദ്ധിപ്പിക്കാൻ സബ്സിഡി അടക്കമുള്ള എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് 2015-2016 വർഷത്തേക്കായി ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്യ നടപ്പിലാക്കിവരുന്നു.<br>1) <u>സമഗ്രനെൽകൃഷിവികസനപദ്ധതി (സുസ്ഥിര നെൽകൃഷി വികസനം)</u><br>ഈ പദ്ധതി പ്രകാരം ഹെക്ടറിന് 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടറിലേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>2) <u>നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം</u><br>നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധന സഹായത്തിനായി 150 ലക്ഷം രൂപ നല്കി പദ്ധതി നടപ്പിലാക്കുന്നു.<br>3) <u>പ്രത്യേക നെല്ലിനങ്ങളുടെ വികസനം</u><br>പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിനായി 1000 ഹെക്ടറിന് 100 ലക്ഷം രൂപ വകയിരുത്തി 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല എന്നീ നെല്ലിനങ്ങൾ കൃഷി ചെയ്തുവരുന്നു.<br>4) <u>പാടശേഖര സമിതികൾക്കുള്ള പ്രവർത്തന ചെലവ്</u><br>പാട ശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200 രൂപ നിരക്കിൽ 332 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. |
| ഇ) | കഴിഞ്ഞ 5 വർഷം ഇപ്രകാരം വിതരണം ചെയ്തിട്ടുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ വർഷവും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ? | ഇ) | അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

ജില്ല തിരിച്ചുള്ള നെല്ലിന്റെ വിസ്തീർണ്ണവും ഉൽപ്പാദനവും 2009-2010 മുതൽ 2013-2014 വരെ

| നമ്പർ | ജില്ല | 2009-2010 | | 2010-2011 | | 2011-2012 | | 2012-2013 | | 2013-2014 | |
|---|---|---|---|---|---|---|---|---|---|---|---|
| | | വിസ്തീർണ്ണം(ഹെ) | ഉൽപ്പാദനം(മെ.ടൺ) | വിസ്തീർണ്ണം(ഹെ) | ഉൽപ്പാദനം(മെ.ടൺ) | വിസ്തീർണ്ണം(ഹെ) | ഉൽപ്പാദനം(മെ.ടൺ) | വിസ്തീർണ്ണം(ഹെ) | ഉൽപ്പാദനം(മെ.ടൺ) | വിസ്തീർണ്ണം(ഹെ) | ഉൽപ്പാദനം(മെ.ടൺ) |
| 1. | തിരുവനന്തപുരം | 2940 | 7564 | 2919 | 6923 | 2395 | 6139 | 1816 | 4096 | 2001 | 5326 |
| 2. | കൊല്ലം | 3453 | 7947 | 3342 | 7155 | 2097 | 4768 | 1387 | 2928 | 1363 | 3234 |
| 3. | പത്തനംതിട്ട | 2996 | 7738 | 2986 | 6628 | 2803 | 8989 | 2280 | 6041 | 2467 | 7554 |
| 4. | ആലപ്പുഴ | 33440 | 97976 | 37060 | 91325 | 36251 | 111979 | 36195 | 104593 | 37403 | 106866 |
| 5. | കോട്ടയം | 15474 | 39413 | 14775 | 40970 | 21410 | 63578 | 17571 | 51019 | 15746 | 50729 |
| 6. | ഇടുക്കി | 2328 | 6137 | 1819 | 4744 | 1264 | 3134 | 1176 | 3183 | 661 | 1796 |
| 7. | എറണാകുളം | 10787 | 21024 | 9016 | 17823 | 7731 | 16573 | 3940 | 8533 | 4052 | 9056 |
| 8. | തൃശ്ശൂർ | 25439 | 63854 | 20259 | 53079 | 21172 | 62318 | 23098 | 67569 | 22274 | 66653 |
| 9. | പാലക്കാട് | 100522 | 266231 | 87511 | 218155 | 83998 | 224410 | 79201 | 189229 | 82896 | 238065 |
| 10. | മലപ്പുറം | 8838 | 19893 | 8949 | 21069 | 7528 | 18577 | 6674 | 15377 | 7549 | 19709 |
| 11. | കോഴിക്കോട് | 3277 | 4302 | 3003 | 3814 | 2920 | 4274 | 3511 | 5326 | 2433 | 3850 |
| 12. | വയനാട് | 12995 | 3357 | 11054 | 27911 | 8995 | 23526 | 10230 | 28052 | 11481 | 30755 |
| 13. | കണ്ണൂർ | 7130 | 13343 | 6339 | 13308 | 5740 | 12170 | 6684 | 14237 | 5080 | 11293 |
| 14. | കാസർഗോഡ് | 4394 | 9260 | 4155 | 9834 | 3857 | 8555 | 3514 | 8116 | 4205 | 9439 |
| 15. | ആകെ | 234013 | 598339 | 213187 | 522738 | 208161 | 568990 | 197277 | 508299 | .199611 | 564325 |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

നെൽകൃഷിക്കായി വിതരണം നടത്തിയ ധനസഹായം 2010 മുതൽ 2014-2015 വരെ

| ക്ര.നമ്പർ | ജില്ല | വിതരണം ചെയ്ത ധനസഹായം( ലക്ഷം ) 2010-2011 | വിതരണം ചെയ്ത ധനസഹായം( ലക്ഷം 2011-2012 | വിതരണം ചെയ്ത ധനസഹായം( ലക്ഷം 2012-2013 | വിതരണം ചെയ്ത ധനസഹായം( ലക്ഷം 2013-2014 | വിതരണം ചെയ്ത ധനസഹായം( ലക്ഷം 2014-2015 |
|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 169.92 | 141.76 | 66.73 | 140.71 | 103.90 |
| 2. | കൊല്ലം | 347.08 | 186.20 | 135.18 | 158.58 | 87.06 |
| 3. | പത്തനംതിട്ട | 290.13 | 260.98 | 141.14 | 202.30 | 134.72 |
| 4. | ആലപ്പുഴ | 1583.86 | 1851.22 | 2366.65 | 2382.70 | 1898.134 |
| 5. | കോട്ടയം | 563.85 | 624 | 641.62 | 977.99 | 777.56 |
| 6. | ഇടുക്കി | 146.60 | 66.65 | 58.49 | 77.90 | 45.31 |
| 7. | എറണാകുളം | 312.32 | 450.23 | 327.81 | 336.57 | 287.10 |
| 8. | തൃശ്ശൂർ | 927.25 | 1006.49 | 1041.7 | 1249.92 | 934.44 |
| 9. | പാലക്കാട് | 2641.31 | 1771 | 3134.20 | 4077 | 3421.46 |
| 10. | മലപ്പുറം | 325.76 | 522.72 | 467.68 | 472.16 | 336.75 |
| 11. | കോഴിക്കോട് | 195.33 | 150.05 | 191.97 | 168.58 | 123.22 |
| 12. | വയനാട് | 485.55 | 890.24 | 477.92 | 492.23 | 498.116 |
| 13. | കണ്ണൂർ | 319.48 | 324.20 | 285.39 | 313.54 | 281.55 |
| 14. | കാസർഗോഡ് | 279.22 | 140.43 | 226.38 | 182.15 | 99.875 |
| 15. | ആകെ | 8587.71 | 8386.32 | 9562.95 | 11232.04 | 9029.23 |

സെക്ഷൻ ഓഫീസർ